LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം

280(3167) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ബൈപ്പാസ് നിർമ്മാണം ത്വരിതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിനായി 14-7-2009-ലെ സ.ഉ. (സാധാ)നമ്പർ 1045/2009/പൊ.മ.വ. പ്രകാരം 730 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയും, 14-10-2010-ലെ സി.ഇ./ആർ& ബി/കെ.കെ. ഡി./10228/2009 പ്രകാരം അലൈൻമെന്റ് അംഗീകരിക്കുകയുമുണ്ടായി. ഭൂവുടമകളിൽ ചിലർ നിർദ്ദിഷ്ട അലൈൻമെന്റിനെതിരെ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും ബഹു. ഹൈക്കോടതി അവ തള്ളുകയുണ്ടായി. 28-10-2013-ന് നടന്ന ഹൈലെവൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സോഷ്യോ എക്കണോമിക് സർവ്വേ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ പരാമർശിത ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ ഭൂമിയിൽ 0.7 ഹെക്ടർ സ്ഥലം പാടശേഖരമായതിനാൽ കൃഷി വകുപ്പിൽനിന്നും 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിരാക്ഷേപ പത്രം ലഭിക്കുന്നതിനായി കോഴിക്കോട് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി കോഴിക്കോട് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 10-7-2015-ലെ ഡിബി2/3627/2006 നമ്പർ കത്ത് പ്രകാരം കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

അരീക്കോട് ഫുട്ബോൾ സ്റ്റേഡിയം നിർമ്മാണം

281(3168) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ അരീക്കോട് ഫുട്ബോൾ സ്റ്റേഡിയത്തിന്റെ ആസ്തി വികസന ഫണ്ട് തുകയായ 150 ലക്ഷം രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റിനുള്ള പ്രൊപ്പോസൽ ഉത്തരവിറങ്ങി നാല്

മാസത്തിലധികമായിട്ടും മലപ്പുറം ജില്ലാ ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽനിന്ന് ഉചിതമാർഗ്ഗേന സമർപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിനുള്ള എൽ.ഒ.സി. പ്രൊപ്പോസൽ അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അരീക്കോട് ഫുട്ബോൾ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട്, 150 ലക്ഷം രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റിനുള്ള പ്രൊപ്പോസൽ, മലപ്പുറം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നായരമ്പലം നെടുങ്ങാട് പള്ളിപ്പാലം നിർമ്മാണം

282(3169) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം നെടുങ്ങാട് പള്ളിപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നായരമ്പലം നെടുമങ്ങാട് പള്ളിപ്പാലം നിർമ്മിക്കുന്നതിനുള്ള 650 ലക്ഷം രൂപയുടെ വിശദമായ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

എലത്തൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

283(3170) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് റോഡ് ബിൽഡിംഗ്സ് വിഭാഗത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും, പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നുമുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly